"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് - കെ.എസ്.ആർ.ടി.സി.യ്ക്ക് വേണ്ടി കേരള ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പാ ബാധ്യത ഒഴിവാക്കുന്നതിനും പ്രസ്തുത മൂന്ന് സ്ഥാപനങ്ങളുടേയും സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി 412.50 കോടി രൂപ KTDFC-യ്ക്ക് റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.120/2024/TRANS തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 197/2018/ഗതാ തീയതി 05/05/2018.
2. സ.ഉ. (സാധാ) നം. 473/2023/ഗതാ തീയതി 02/11/2023.
3. കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 19.02.2024, 16.03.2024 തീയതികളിലെ 2250/2023/KTDFC നമ്പർ കത്തുകൾ.
4. 15.03.2024-ൽ ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ നടപടിക്കുറിപ്പും 19.03.2024-ലെ CMO-CPS-2024-03-19-036 നമ്പർ കുറിപ്പും.
5. കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 30.03.2024-ലെ F1/2250/2023/KTDFC നമ്പർ കത്ത്.

**ഉത്തരവ്**

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് വേണ്ടി ലഭ്യമാക്കിയ 350 കോടി രൂപയ്ക്ക് പരാമർശം (1) പ്രകാരം സർക്കാർ ഗ്യാരന്റി നൽകിയിട്ടുള്ളതാണ്. വായ്പാ തിരിച്ചടവ് മുടങ്ങുകയും ബാധ്യത പെരുകുകയും ചെയ്ത സാഹചര്യത്തിൽ പരാമർശം (2) പ്രകാരം പ്രസ്തുത ഗ്യാരന്റി സർക്കാർ നിലവിലെ കേരള ബാങ്കിനുവേണ്ടി പുതുക്കാൻ അനുമതി നൽകിയിട്ടുള്ളതുമാണ്.

2. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.യ്ക്കുവേണ്ടി എടുത്തിട്ടുള്ള വായ്പാ ബാധ്യത പ്രസ്തുത മൂന്ന് സ്ഥാപനങ്ങൾക്കും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുകയും സ്ഥാപനങ്ങളും നിലനിൽപ്പിനെ ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ സർക്കാർ സഹായം അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (3) പ്രകാരം മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി കത്ത് നൽകുകയുണ്ടായി. പൊതുമേഖയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളേയും പുനരുജ്ജിവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ

പ്രശ്നപരിഹാരത്തിനായി ബഹു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പരാമർശം (4) പ്രകാരം ചുവടെ പറയുന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി.

1. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.യ്ക്ക് വേണ്ടി ഏറ്റെടുത്തിട്ടുള്ള വായ്പ തിരിച്ചടവിനായി ധനകാര്യ വകുപ്പ് 625 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യ്ക്ക് അനുവദിക്കണം.
2. ഇപ്രകാരം അനുവദിക്കപ്പെടുന്ന 625 കോടി രൂപയിൽ നിന്നും 425 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്കുവേണ്ടി സ.ഉ. (സാധാ) നം. 197/2018/ഗതാ തീയതി 05/05/2018 പ്രകാരം കേരള ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ എല്ലാ കുടിശ്ശികയും തീർപ്പാക്കേണ്ടതാണ്. ബാക്കി വരുന്ന 200 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള എല്ലാ ദീർഘകാല വായ്പയും തീർപ്പാക്കുന്നതിന് ഉപയോഗിക്കണം.
3. സ്ഥാപനത്തിന്റെ സ്ഥിര നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിന് ബിസിനസ്സ് പ്രവർത്തനങ്ങളും land monetization പദ്ധതികളും മുഖേന ഫണ്ട് സമാഹരണം നടത്തേണ്ടതും ധനസഹായത്തിനായി സർക്കാരിനെ സമീപിക്കാതിരിക്കുന്നതും ആവശ്യമായ നടപടി മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി. സ്വീകരിക്കേണ്ടതാണ്.
4. മേൽപ്പറഞ്ഞ നടപടികളിലൂടെ ഡിഫോൾട്ട് സ്റ്റാറ്റസ് ക്ലിയറൻസ് ലഭിക്കുന്ന കെ.എസ്.ആർ.ടി.സി.യ്ക്ക് കൺസോർഷ്യം ബാങ്കുകളിൽ നിന്ന് 450 കോടി രൂപ വായ്പ ലഭ്യമാക്കേണ്ടതും ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിലേക്കായി സർക്കാർ സഹായം സ്വീകരിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിലേയ്ക്കായി വിനിയോഗിക്കേണ്ടതുമാണ്. ഇത് സർക്കാരിന്റെ സാമ്പത്തിക ബാധ്യത കുറച്ച് നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഗുണകരമായിരിക്കും.
5. ഫലത്തിൽ സർക്കാരിന് സെറ്റിൽമെന്റിനായി 200 കോടി രൂപ മാത്രമേ കണ്ടെത്തേണ്ടതായി വരുന്നുള്ളൂ. കൂടാതെ, ഇതുമൂലം മൂന്ന് സ്ഥാപനങ്ങൾക്കും (കെ.റ്റി.ഡി.എഫ്.സി, കെ.എസ്.ആർ.ടി.സി., കേരള ബാങ്ക്) ഒരുപോലെ സഹായം ലഭിക്കുന്നു.

3. പരാമർശം (5) പ്രകാരം, കെ.റ്റി.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ, കേരള ബാങ്കിൽ നിന്നും കെ.റ്റി.ഡി.എഫ്.സി. എടുത്തിട്ടുള്ള 350 കോടി രൂപയുടെ വായ്പയും കൂടാതെ, കെ.എസ്.ആർ.ടി.സി. ദീർഘകാല അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് എടുത്തിട്ടുള്ള വായ്പയും തീർപ്പാക്കുന്നതിനായി ധനസഹായം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി.യുടെ വിവിധ പദ്ധതികൾക്കായി KTDFC വിവിധ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും ഡിപ്പോസിറ്റ് ആയും സ്വീകരിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പയായി അനുവദിച്ച തുക. കെ.എസ്.ആർ.ടി.സി. തിരിച്ചടക്കാത്ത സാഹചര്യത്തിൽ KTDFC-യുടെ NBFC പ്രവർത്തനം വീണ്ടെടുക്കുന്നതിനും കെ.എസ്.ആർ.ടി.സി., കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളുടെ CAR, NPA സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി, കെ.എസ്.ആർ.ടി.സി., KTDFC-യിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവിനായി 412.50 കോടി രൂപ 7055-00-190-99 Loan for KSRTC(P) ശീർഷകത്തിൽ

നിന്നും നിലവിലെ വായ്പ നിബന്ധനകൾക്ക് വിധേയമായി, കെ.റ്റി.ഡി.എഫ്.സി.യുടെ അക്കൗണ്ടിലേയ്ക്ക് (Account No. 0046102000015604) ചുവടെയുള്ള നിബന്ധനകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

1. പ്രസ്തുത 412.50 കോടി രൂപയിൽ നിന്നും 212.50 കോടി രൂപ കേരള ബാങ്കിൽ നിന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് വേണ്ടി എടുത്ത വായ്പാ തുക തിരിച്ചടവാക്കുന്നതിന് KTDFC വിനിയോഗിക്കേണ്ടതാണ്. കൂടാതെ 200 കോടി രൂപ കാലാവധി പൂർത്തിയായ നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനും KTDFC വിനിയോഗിക്കേണ്ടതാണ്. യാതൊരു സാഹചര്യത്തിലും ഇപ്പോൾ അനുവദിക്കുന്ന തുക വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതാണ്.
2. KSRTC, KTDFC, കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട ലോൺ അക്കൗണ്ടുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ക്രമീകരിക്കേണ്ടതും ടി വിവരം സർക്കാരിനെ അടിയന്തരമായി അറിയിക്കേണ്ടതുമാണ്.
3. ഈ സെറ്റിൽമെന്റ് പ്രകാരം KTDFC കേരള ബാങ്കിന് നൽകേണ്ട ബാക്കി തുകയായ 212.50 കോടി രൂപ ഏപ്രിൽ 2024-ൽ അനുവദിക്കുന്നതാണ്. ആയതിനുള്ള പ്രൊപോസൽ യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്
(30.03.2024-ലെ 2740395/PU-A2/172/2023-FIN-Part(1) നമ്പർ പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ
Date: 30-03-2024 16:16:46

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.